Vol. I, No.5
2021 January-June
1196 ധനു-ഇടവം

# ചെങ്ങഴി

# CHENGAZHI

**Included in UGC-CARE list**

A peer reviewed research journal



# ഉള്ളടക്കം


പുരാവൃത്തപഠനം : സൈദ്ധാന്തിക സമീപനങ്ങളും സമകാലിക പ്രസക്തിയും
ഡോ. എം. ഐ. പുന്നൂസ് 9

ബെട്ടക്കുറുബരുടെ പുരാവൃത്തങ്ങളും കലകളും: ഗോത്രജീവിതത്തിന്റെ വ്യതിരിക്തത
ഡോ.ഇന്ദു മേനോൻ 19

കൂട്ടറിവിലെ സംസ്കൃതിയും നാട്ടറിവിലെ ചരിത്രവും
ഡോ. നജ്മ 29

മുള്ളക്കുറുമരുടെ വൈദ്യം: അറിവും പ്രയോഗവും
ബിജ്ന കെ.കെ. 50

അനുഷ്ഠാനം, കല, ആധുനികീകരണം
ഇ. ദിനേശൻ 66

മടവതിയിലെ അനുഷ്ഠാനപാഠങ്ങൾ
ദിവ്യ എസ്. കേശവൻ 74

പാരുകളിലെ ബന്ധുത്വം: കടൽചേലാളരും റോബർട്ട് പനിപ്പിള്ളയും8
ഭുവനേശ്വരി കെ. പി. 78

കേരളീയ ചുവർച്ചിത്രങ്ങളിലെ വർണ്ണസംയോജനം
ആരതി എ.മാരാർ, 83

പെരുങ്കളിയാട്ടം: സാംസ്കാരിക വിനിമയത്തിന്റെ ഇടം
ഡോ. പ്രദീപ് കുമാർ ഇ. വി. 88

മലബാർ മാന്വലും കേരളത്തിലെ കോളനികാല ഫോക്‌ലോർ പഠനവും.
അതുൽ കെ.വി, 97

പാങ്കളി
ഡോ. സ്മിത കെ.പി. 106

തിരുനിഴൽമാല: മലയരുടെ സ്വത്വബോധത്തിന്റെ നിഴൽ
ഡോ. പ്രജിത പി. 111

കേരളത്തിലെ മാപ്പിളസംസ്കാരം —ഗോത്രീയതയും സ്വത്വരാഷ്ട്രീയവും
ദൂന മറിയ ഭാർഗ്ഗവി 118

ഭാഷയും പരിസ്ഥിതിയും
ഡോ. സിബു മോടയിൽ 127

നവമാധ്യമങ്ങളുടെ സംസ്കാര നിർമിതി
എ.എസ്. പ്രതീഷ് 134

'പൂരക്കളി – മറുത്തുകളി'–ഉത്തരകേരളത്തിന്റെ കല
രാജേഷ് പി. 139

# ഭാഷയും പരിസ്ഥിതിയും

ഡോ. സിബു മോടയിൽ

മലയാളവിഭാഗം,യു.സി.കോളജ്,ആലുവ

ഭാഷ പാരിസ്ഥിതിക ഉല്പന്നമാണെന്നതിന് അടിസ്ഥാനമായി മുന്നോട്ടു വയ്ക്കാവുന്ന ഏറ്റവും സാമാന്യമായ പ്രത്യേകത ഭാഷയുടെ വൈവിധ്യമാണ്. ഭൂപ്രകൃതിക്ക് വൈവിധ്യമുള്ളതുപോലെ ഭാഷകളും വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന ധാരണയ്ക്ക് നൂറ്റാണ്ടിന്റെ പഴക്കവുമുണ്ട്. എങ്കിലും 1990-കളിലാണ് പരിസ്ഥിതിഭാഷാശാസ്ത്രം ഒരു സവിശേഷശാഖയായി ശ്രദ്ധിക്കപ്പെട്ടത്. അതിനും വളരെ മുമ്പുതന്നെ പ്രസ്തുതസങ്കല്പനം പ്രചരിച്ചിരുന്നു. എഡ്വേർഡ് സപീർ ഒരു നൂറ്റാണ്ടു മുൻപുതന്നെ 'ലാങ്വേജ് ആൻഡ് എൻവയോൺമെന്റ്" എന്ന പ്രബന്ധത്തിൽ ഭാഷയുടെ പാരിസ്ഥിതികബന്ധത്തെപ്പറ്റി അഭിസംബോധന ചെയ്തിരുന്നു. ഒരുവന്റെ ഭാഷയെ രൂപപ്പെടുത്തുന്നതിൽ ചുറ്റുപാടുകൾ നിർണായകപങ്കു വഹിക്കുന്നു എന്നതിൽ സപീറിനു രണ്ടു പക്ഷമില്ലായിരുന്നു. ഒരു സമൂഹത്തിന്റെ പ്രതികരണങ്ങളും വിനിമയങ്ങളും പ്രധാനമായും ഭാഷയിലൂടെയാകുന്നതിനാൽ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട ആവിഷ്കാരങ്ങളായി അവയെ കാണേണ്ടതുണ്ട്. വിദേശത്തുള്ള സ്വന്തം അമ്മയെ ആന്റി എന്നും ലാളിക്കുന്ന വേലക്കാരിയെ അമ്മ എന്നും കൊച്ചു കുഞ്ഞുങ്ങൾ വിളിക്കാൻ സാധ്യതയുണ്ട്. ഉപ്പു നുണയാത്തവന് പ്രസ്തുതധ്വനി ഒരു തരത്തിലുമുള്ള അനുഭവസ്മൃതിയും ഉണ്ടാക്കില്ല. ഭാഷ അതുകൊണ്ട് അടുപ്പത്തിന്റെയും അനുഭവത്തിന്റെയുമൊക്കെ ആവിഷ്കാരമാണ്. അടുപ്പം കൂടുമ്പോൾ പുതിയപദങ്ങൾ പോലും ഉണ്ടായെന്നു വരാം; പ്രത്യേകിച്ച് പ്രണയകാര്യങ്ങളിൽ. ചക്കര, പഞ്ചാര, തേൻ തുടങ്ങിയവ തനിരൂപിമങ്ങളായി (Unique Morpheme) പ്രത്യക്ഷപ്പെടുന്ന ഒരു സാഹചര്യവും അതാണല്ലോ. ശൈത്യരാജ്യങ്ങളിലെ ഭാഷയും ഉഷ്ണമേഖലയിലെ ഭാഷയും തമ്മിൽ നിരവധി വ്യത്യാസങ്ങൾ കാണാൻ കഴിയും. സ്വനതലത്തിലുള്ള ഭേദങ്ങളായിരിക്കും പെട്ടെന്നു തിരിച്ചറിയപ്പെടുക. വന്യസാഹചര്യമുള്ള മലമ്പ്രദേശങ്ങളിൽ പരുക്കൻ സ്വനങ്ങൾക്കും സൗമ്യസാഹചര്യമുള്ള സമതലങ്ങളിൽ മൃദുസ്വനങ്ങൾക്കും പ്രാമുഖ്യമുണ്ടാകുമെന്നാണ് സപീറിന്റെ നിരീക്ഷണം. (2001:18)എന്നാൽ ഇത്തരം നിരീക്ഷണങ്ങളെ കേന്ദ്രീകരിച്ചുള്ള തുടർഗവേഷണങ്ങളൊന്നും പിന്നീട് കാര്യമായി നടന്നില്ല. അതേസമയം സമീപകാലത്ത് പാരിസ്ഥിതികഭാഷാചിന്തകൾ സജീവമാകുന്നതിനു പിന്നിൽ പൊതുവായ പാരിസ്ഥിതിക അവബോധവുമുണ്ട്. ഭൂമിയുടെ വീണ്ടെടുപ്പിനു സജ്ജമാകുന്ന തരത്തിൽ എല്ലാ വിജ്ഞാനമേഖലകളും ഹരിതമയമാകുന്ന സാഹചര്യമിന്നുണ്ട്. ഹരിതഭൗതികവും ഹരിതരസതന്ത്രവും ഹരിതസാമ്പത്തികശാസ്ത്രവും എല്ലാം ഇന്ന് സങ്കല്പമല്ല.

എന്തിന് ഹരിതമാർക്സിയൻചിന്തയിലൂടെ ചുവപ്പപോലും പച്ചയ്ക്കു വഴിമാറുന്നു. അതുകൊണ്ടുതന്നെ പരിസ്ഥിതിഭാഷാവിചാരത്തിന് ഇന്ന് സാമൂഹികപ്രാധാന്യംകൂടി കൈവന്നിരിക്കുന്നു. ആധുനികാനന്തരഘട്ടത്തിൽ സജീവമായ സംവാദാത്മകമായ അന്തരീക്ഷം പോലെതന്നെ ഗ്ലോക്കൽ എന്നു വിശേഷിപ്പിക്കാവുന്ന സവിശേഷസാഹചര്യവും ഹരിതഭാഷാവിചാരങ്ങളെ പ്രബലപ്പെടുത്തിയ ഘടകമാണ്.

1970 ആയപ്പോഴേക്കും ഹൗഗൻ ഭാഷാപാരിസ്ഥിതികത എന്ന ആശയം അവതരിപ്പിച്ചു. ഭാഷാപരിസരവും ജീവിതപരിസരവും തമ്മിലുള്ള അഭേദ്യബന്ധമാണ് സപീറിനെപ്പോലെ ഹൗഗനെയും ആകർഷിച്ചത്. സാമൂഹികസന്ദർഭങ്ങൾ കണക്കിലെടുത്തു മാത്രമേ ഭാഷാവിശകലനം വേണ്ട വിധത്തിൽ നടക്കൂ എന്ന് അദ്ദേഹം വിശ്വസിച്ചു. ഭാഷാരൂപവൈവിധ്യംതന്നെ മെച്ചപ്പെട്ട ചുറ്റുപാടിന്റെ പ്രതിഫലനമാണ്. നിർജ്ജീവമായ ചുറ്റുപാട് ഭാഷയെയും നിർജ്ജീവമാക്കുന്നു. മനുഷ്യഭാഷയ്ക്കു പൊതുവെയുള്ള ജൈവസ്വഭാവവും ശ്രദ്ധേയമാണ്. അതുകൊണ്ട് ഇതരജീവികളെപ്പോലെതന്നെ ഭാഷയ്ക്കും ജനനമരണങ്ങളുണ്ടെന്ന് ഹൗഗൻ തറപ്പിച്ചു പറയുന്നു. മനുഷ്യരെ രോഗത്തിനു ചികിത്സിക്കുന്നതുപോലെ ഭാഷയുടെ തകരാറുകളെയും നല്ല വൈയാകരണന്മാർക്ക് പരിഹരിക്കാൻ കഴിയുമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

1990 ആയപ്പോഴേക്കും പരിസ്ഥിതിഭാഷാശാസ്ത്രം കൂടുതൽ വിമർശനാത്മകനിലപാടുകളോടെ പ്രചരിക്കപ്പെട്ടു. ഭാഷാപ്രയോഗങ്ങൾ പ്രകൃതിവിഭവങ്ങളുടെ ധൂർത്തിനു കാരണമാകുമെന്ന ഹാലിഡേയുടെ നിരീക്ഷണമാണ് ഇതിൽ ഏറെ ശ്രദ്ധേയം. 'അർത്ഥത്തിന്റെ പുതുവഴികൾ; പ്രയുക്തഭാഷാശാസ്ത്രത്തിന്റെ വെല്ലുവിളികൾ' എന്ന പ്രബന്ധം 1990 ൽ പുറത്തിറങ്ങി. ഓരോ ഭാഷകസമൂഹത്തിലും വിനിയോഗിക്കപ്പെടുന്ന പദസമ്പത്തും വ്യാകരണനിയമങ്ങളും ആണ് അനുഭവങ്ങളെ നിർണ്ണയിക്കുന്നത് എന്ന് ഹാലിഡേ വിശ്വസിച്ചു. വലിപ്പം/ചെറുപ്പം, നല്ലത്/ചീത്ത തുടങ്ങിയ വിരുദ്ധദ്വന്ദ്വപ്രയോഗങ്ങളൊക്കെ അത് പ്രയുക്തമാകുന്ന സാഹചര്യമനുസരിച്ച് അപകടകരമാവാം. എന്നാൽ പ്രസ്തുതദൂഷ്യഫലങ്ങളെ മറച്ചുവയ്ക്കുയാണ് ഭാഷയുടെ സംവിധാനം തന്നെ. പ്രത്യക്ഷത്തിലുള്ള ഈ നിർദ്ദോഷാവസ്ഥ കാരണം ഹാലിഡേ ചൂണ്ടിക്കാട്ടുന്ന പരോക്ഷ അപകടാവസ്ഥ സമൂഹം അത്ര പെട്ടെന്ന് തിരിച്ചറിഞ്ഞെന്നു വരില്ല.

പലവഴിക്കു നീങ്ങിയ പാരിസ്ഥിതികഭാഷാചിന്തകളെ സമന്വയിപ്പിക്കാനുള്ള ശ്രമമാണ് ഡാനിഷ്ഭാഷാചിന്തകരായിരുന്ന ബാങ്ങും ഡൂറും ചേർന്ന് നിർവ്വഹിച്ചത്. സാമൂഹികപ്രയോഗങ്ങളെപ്പറ്റി അവർ അവതരിപ്പിച്ച സംവാദമാതൃകയിൽ മൂന്നു തലങ്ങളാണ് ഉള്ളത്. ഐഡിയോളജിക്കൽ, സോഷ്യോളജിക്കൽ, ബയോളജിക്കൽ എന്നിവയാണവ. വ്യക്തിസമൂഹജൈവതലങ്ങളാണ് യഥാക്രമം അവ സൂചിപ്പിക്കുന്നത്. ഭാഷണത്തിലെ വൈയക്തികസാമൂഹികഘടകങ്ങൾ സെസ്സൂറിന്റെ ഭാഷാദർശനത്തിൽത്തന്നെ കാണാവുന്നതാണ്. സെസ്സൂറിന് ഭാഷണം പൊതുഭാഷയും(ലാങ്) തന്മൊഴിയും(പരോൾ) ചേർന്നതാണ്. എന്നാൽ ജൈവതലത്തെക്കൂടി ഉൾപ്പെടുത്തുകവഴി പരിസ്ഥിതിഭാഷാദർശനത്തെ ആധുനികോത്തരമാക്കാൻ ബാങിനും ഡൂറിനും കഴിഞ്ഞു.

ഭാഷ പാരിസ്ഥിതിക ഉല്പന്നമായതുകൊണ്ട് ഭാഷയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിലെല്ലാം ജൈവതലത്തിലുള്ള മാനദണ്ഡങ്ങൾ കൂടിയേ തീരൂ. അപ്പോൾ മാത്രമേ അത് ഹരിതഭാഷാദർശനമാവുകയുള്ളൂ. അതുകൊണ്ടാണ് പരിസ്ഥിതിഭാഷാശാസ്ത്രം മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ സുസ്ഥിരതയുടെ പ്രമാണമായി പ്രചരിക്കുന്നത്. ഭാഷാമരണത്തെക്കുറിച്ചുള്ള ആശങ്കയെ തീവ്രമാക്കുന്നതിനും പ്രാദേശികസ്വത്വവിചാരത്തെ സമരോത്സുകമാക്കുന്നതിനും സംസ്കാരസംരക്ഷണത്തിനും എല്ലാം ഹരിതഭാഷാദർശനം ചാലകശക്തിയാണ്.

ഭാഷാമരണത്തെക്കുറിച്ചുള്ള വീണ്ടുവിചാരത്തിന് ഹരിതഭാഷാദർശനം പ്രേരിപ്പിക്കുന്നു.

ഇന്ത്യയിലെ ഗോത്രഭാഷകൾ പലതും അപ്രത്യക്ഷമായിക്കഴിഞ്ഞു. ചില ഭാഷകൾ നാശോന്മുഖതയുടെ വക്കത്താണ്. ത്രിപുരയിലെ ഗന്ധചേരാ ഗ്രാമത്തിലെ സായ്യർ എന്ന ഭാഷ സംസാരിക്കുന്നത് നാല് പേർ മാത്രമാണ്. അതിലൊരാൾക്ക് എഴുപത് കഴിഞ്ഞു. 2009-ൽ സയ്യർ സംസാരിക്കുന്നവരുടെ എണ്ണം 25 ആയിരുന്നു. 2012 ൽ അത് 4 ആയി മാറി. ഉച്ചാരണക്ലേശം ഏറെയുള്ള ഭാഷയാണിതെന്ന് കരുതപ്പെടുന്നു.

എന്തുകൊണ്ടാണ് ഇങ്ങനെ ഒരു ഭാഷ മൃതിയടയുന്നത്? ആദിവാസിസമൂഹങ്ങളുടെയിടയിൽ നടത്തുന്ന പല സേവനപ്രവർത്തനങ്ങളും അവരുടെ സ്വത്വത്തെ പരിഗണിച്ചുകൊണ്ടുള്ളതല്ല. അവരുടെ കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം നൽകുമ്പോഴെങ്കിലും അവരുടെ മാതൃഭാഷയിലൂടെ വിനിമയം നടത്തപ്പെടണം. ആദിവാസിഭാഷകൾക്ക് അതത് നാട്ടിലെ ഔദ്യോഗികഭാഷയുമായി പ്രാക്തനസ്വഭാവത്തിലുള്ളതാണെങ്കിലും ബന്ധമുണ്ടാവാനാണ് സാധ്യത. അവരുടെ പല പ്രയോഗങ്ങളും ഔദ്യോഗികഭാഷയിലേക്ക് സ്വീകരിക്കപ്പെടാവുന്നവയാണ്. ഉദാഹരണത്തിന് കേരളത്തിലെ കാടർ ജിറാഫിനെ ഗോപുരകഴുത എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. ഭാഷാമരണത്തെക്കുറിച്ചുള്ള വിചാരങ്ങളെല്ലാം ഭാഷയുടെ ജൈവസ്വഭാവത്തിലേക്കാണ് എത്തിച്ചേരുന്നത്. ജന്തുവർഗ്ഗങ്ങളുടെ അതിജീവനസാഹചര്യങ്ങളെ അനുസ്മരിപ്പിക്കുന്ന ചുറ്റുപാട് ഭാഷയ്ക്കുമുണ്ടെന്നു പറയാം. ഭാഷാമരണം സാംസ്കാരികവിപത്താണെന്നും സ്വത്വനാശത്തിന്റെ ആണിക്കല്ലാണെന്നും ആധികാരികമായി ഓർമ്മപ്പെടുത്താൻ പരിസ്ഥിതിഭാഷാവാദക്കാർക്കാകും. പരിസ്ഥിതിഭാഷാചിന്ത അതുകൊണ്ടുതന്നെ പ്രതിരോധരാഷ്ട്രീയത്തിന്റെ വഴി സ്വീകരിക്കുന്നതിന് ഉപാധിയും ഉപകരണവുമാകുന്നു.

പരിസ്ഥിതിഭാഷാശാസ്ത്രത്തിൽ സവിശേഷമായി പഠിക്കുന്ന ഒരു മേഖല പരിസ്ഥിതിയുമായി ബന്ധപ്പെട്ട പാഠങ്ങളുടെയും പ്രമാണങ്ങളുടെയും വിമർശനാത്മകവ്യവഹാരാപഗ്രഥനമാണത്. (eco critical discourse analysis) ഭാഷാവൈവിധ്യത്തെയും ജൈവവൈവിധ്യത്തെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള വിശകലനങ്ങളാണ് അവിടെ പ്രസക്തമാകുന്നത്. സാമ്പത്തികചർച്ചകൾ, രാഷ്ട്രീയനിരീക്ഷണങ്ങൾ, കാർഷികസമ്പ്രദായങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിലെല്ലാം ഭാഷാപരമായ സൂക്ഷ്മവിശകലനം സാധ്യമാണ്. പാരിസ്ഥിതികവ്യവഹാരാപഗ്രഥനവുമായി ബന്ധപ്പെട്ട് ബാങ്, ദൂർ, ഹാരിഡൻ എന്നിവർ 1990-ൽ അവതരിപ്പിച്ച ത്രയമാതൃക (Triple Model Reference) പഠനസമീപനത്തിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധേയമാണ്. പാഠവിശകലനത്തിൽ മൂന്നു തലത്തിലുള്ള ബന്ധം പരിഗണിക്കണമെന്നാണ് അവിടെ പറയുന്നത്. പാഠാന്തരം (Inter Textual), പാഠബാഹ്യം (Intra Textual), പാഠേതരം (Extra Textual) എന്നിവയാണവ. പാഠാന്തരബന്ധം അർത്ഥവിജ്ഞാനപരവും പാഠബാഹ്യബന്ധം വാക്യവിജ്ഞാനപരവും പാഠേതരബന്ധം പ്രയോഗവിജ്ഞാനപരവും ആണെന്നാണ് നിരീക്ഷിക്കപ്പെടുന്നത് (Bundsgaard and Steffensen) പദവാക്യപ്രയോഗതലങ്ങളിലെല്ലാം നടക്കുന്ന വിനിമയത്തിൽ മറഞ്ഞിരിക്കുന്ന പാരിസ്ഥിതികഘടകങ്ങൾ വിശകലനം ചെയ്യുമ്പോൾ ഭാഷാപഠനംതന്നെ സമഗ്രവും സൂക്ഷ്മവുമാകും. ഓരോ ഭാഷകസമൂഹത്തിന്റെയും സമീപനങ്ങൾ, ഇതരചുറ്റുപാടുകൾ തുടങ്ങിയവയെല്ലാം ഈ ത്രിതലവ്യാപാരമേഖലയിൽ പ്രസക്തമാകുന്നുണ്ട്. 'ഹെയർപിൻ കെർവെ'ന്നോ കൊടും വളവെന്നോ മാങ്ങാണ്ടിത്തിരിവെന്നോ ഉള്ള പ്രയോഗവൈവിധ്യങ്ങൾക്കു പിന്നിൽ അനുഭവമേഖലയുടെയും സമീപനത്തിന്റെയുമൊക്കെ സ്വാധീനം കാണാം. മേൽപ്പറഞ്ഞ വിശകലനസമ്പ്രദായങ്ങൾ സാഹിത്യകൃതികളുടെ പുനർവായനയ്ക്കും സഹായകമാകും. പരിസ്ഥിതികവിതയിൽപോലും പരിസ്ഥിതിവിരുദ്ധമായ ആശയം അപ്പോൾ തെളിയപ്പെടാം. ഉദാഹരണത്തിന് വിനയചന്ദ്രന്റെ 'കാട്' എന്ന കവിതയിൽ 'കാട്ടുതീ കണ്ണെഴുതീടുന്ന സന്ധ്യകൾ' എന്ന പ്രയോഗം ചൂണ്ടിക്കാട്ടാവുന്നതാണ്.

പരിസ്ഥിതിഭാഷാചിന്ത പരിതസ്ഥിതിയുടെ സ്വാധീനങ്ങളെക്കുറിച്ചും ഓർമ്മിപ്പിക്കുന്നു. മാതൃഭാഷയുമായി ബന്ധപ്പെട്ട ഭാഷാവിചാരങ്ങളെ വൈകാരികതലത്തിൽ മാത്രം കാണുന്ന കാലം കഴിഞ്ഞിരിക്കുന്നു. പരിസരഭാഷ ആർജ്ജിക്കുന്നതോടൊപ്പം സവിശേഷജ്ഞാനത്തിന്റെയും സവിശേഷസംസ്കാരത്തിന്റെയും സ്വാംശീകരണംകൂടിയാണ് നടക്കുന്നത്. ആവാസവ്യവസ്ഥയുടെ ഭാഗമായ അനിവാര്യതയാണ് ഭാഷ. ജീവിതപരിസരത്തിലെ ഭാഷയെ മാതൃഭാഷയായി കണക്കാക്കാമെങ്കിൽ മാതൃഭാഷ പരിസരജ്ഞാനത്തിന്റെ വാഹകമാണെന്നു പറയാം. മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരങ്ങളെ വൈകാരികവിപ്ലവമായും ഭാഷാഭ്രാന്തായും കരുതുന്നവർ തിരിച്ചറിയാതെ പോകുന്നത് തദ്ദേശീയഭാഷകളുടെ അമൂല്യമായപാരിസ്ഥിതികമൂല്യമാണ്. തദ്ദേശപദനഷ്ടങ്ങളെ പൊതുഭാഷാവിനിമയത്തിലൂടെ നികത്താമെന്നു കരുതുന്നതും ശരിയല്ല "തെങ്ങിൻപട്ടയുടെ ചുവട്ടുഭാഗത്ത് പൂപ്പൽപോലെ കാണപ്പെടുന്ന ഒരു വസ്തുവാണ് മൊരി.കേരളത്തിലെ ചില പ്രദേശങ്ങളിൽ മുറിവുണക്കാനുള്ള ഉപാധിയായി ഇത് ഉപയോഗിക്കാറുണ്ട്. മൊരി എന്ന വാക്കിനു തുല്യമായി ഇംഗ്ലീഷിൽ ഒരു വാക്കുണ്ടോ എന്നറിയില്ല. എന്തായാലും മൊരി എന്ന വാക്ക് നഷ്ടപ്പെടുന്നതോടെ ആ വസ്തു അയാൾക്ക് അജ്ഞാതമായി മാറുന്നു. അതിന്റെ ഉപയോഗവും അജ്ഞാതമായി മാറുന്നു" (ഡോ. വത്സലൻ വാതുശ്ശേരി) പരിസരത്തെ അതിന്റെ എല്ലാവിധജൈവമാനങ്ങളോടും മനസ്സിലാക്കാത്തവരാണ് പരിസ്ഥിതിയെ നശിപ്പിക്കുന്നതിൽ വ്യാകുലപ്പെടാത്തത്. ജൈവപ്രകൃതിയെ ഉൾക്കൊള്ളാൻ ഒരുവനെ ചെറിയ പ്രായത്തിൽത്തന്നെ പ്രാപ്തമാക്കുന്നതിൽ മാതൃഭാഷയ്ക്കുള്ള പങ്ക് നിസ്തുല്യമാണ്. പേരിട്ടു വളർത്തുന്ന നായയോടുള്ള സ്നേഹവും അടുപ്പവും തെരുവുനായയോട് മനുഷ്യൻ കാണിക്കാറില്ല. തനിക്കു ചുറ്റും കാണുന്ന പേരറിയാത്ത സസ്യലോകത്തോടും അത്തരമൊരു സമീപനമേ മാതൃഭാഷ നഷ്ടപ്പെട്ട തലമുറ കാട്ടുകയുള്ളൂ. "മലയാളത്തിന്റെ നഷ്ടം ഭാഷാധ്യാപകന്റെ ജോലിയുടെ പ്രശ്നം മാത്രമോ മലയാളികളുടെ നഷ്ടം മാത്രമോ അല്ല.ഒരു ജീവിവർഗ്ഗത്തിന്റെ തിരോധാനം, അതിന്റെ പാരിസ്ഥിതികമൂല്യം അളവറ്റതായിരിക്കുന്നതുപോലെ ഒരു ഭാഷയുടെ നാശം ലോകത്തിനാകെവീണ്ടെടുക്കാനോ പകരം വയ്ക്കാനോ ആവാത്ത നഷ്ടമാണ്." (വി. അശോക് കുമാർ)

ശൈലികൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങി ഭാഷയുടെ പ്രയോഗവൈവിധ്യങ്ങളിൽ സജീവമായിരിക്കുന്ന പ്രകൃതിജ്ഞാനം പാരിസ്ഥിതികഭാഷാവിശകലനത്തിൽ പരിഗണിക്കേണ്ടതാണ്. എന്തിന് വിശേഷണങ്ങളിൽ വരെ പ്രകൃതിനിരീക്ഷണത്തിൽനിന്നുള്ള പാഠങ്ങളാണ് പ്രസക്തമാകുന്നത്. കാകദൃഷ്ടിയും ശ്വാനനിദ്രയും മുതലക്കണ്ണീരുമൊക്കെ ശക്തമായ വിനിമയങ്ങളാകുന്നത് പരിസരജ്ഞാനത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടാണ്.

കടങ്കഥകളിലെ മനുഷ്യ-പ്രകൃതി ബന്ധം ശ്രദ്ധേയമാണ്. ഞെട്ടില്ലാ വട്ടയിലയും (പപ്പടം) ഇത്തിരിമുറ്റത്തൊരു വള്ളിയും (കൈരേഖ) ആകാശത്തെത്തുന്ന തോട്ടിയും(കണ്ണ്) ഒക്കെ ജീവിതച്ചുറ്റുപാടുകളുടെ രസാത്മക ആവിഷ്കാരങ്ങൾകൂടിയാണ്.

ശൈലീപ്രപഞ്ചം പരിശോധിച്ചാൽ സസ്യലതാദികളും പക്ഷിമൃഗാദികളും എല്ലാം ചേർന്ന യൂണിറ്റായാണ് ഭാഷാനുഭവം വിനിമയം ചെയ്യപ്പെടുന്നത് എന്നു കാണാം. മനുഷ്യരെ സംബന്ധിച്ചിടത്തോളം പരിഹാസപ്പേച്ചുകളിലും വിലയിരുത്തലുകളിലും വരെ ഇതു പ്രകടമാണ്. ആനത്തലയനും ആനവയറനും മത്തങ്ങാത്തലയനും മാത്രമല്ല ഇഞ്ചി തിന്ന കുരങ്ങന്മാരും നമുക്കിടയിലുണ്ട്. കുറുക്കനും ചെന്നായും സിംഹവും പുലിയുമെല്ലാം മനുഷ്യപ്രതിനിധാനംകൂടിയാകുന്നുണ്ട് ഭാഷയിൽ. ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കാനും പ്രകൃതിപാഠങ്ങളാണ് മനുഷ്യഭാഷ ആധാരമാക്കുന്നത്. ജീവൻ വിതയേറ്റി മരണം കൊയ്യുന്ന വിശാലമായ പാടമാണ് വൈലോപ്പിള്ളിക്ക് ജീവിതം. സ്തോത്രകൃതികളെഴുതിയിരുന്ന ആശാനെ പൊതുസമൂഹം സ്വീകരിച്ചത് കരിഞ്ഞും അലിഞ്ഞും

മണ്ണായി മാറുന്ന മലരിനെക്കുറിച്ചെഴുതിയപ്പോളാണ്. കവിതയിൽ മാത്രമല്ല സാധാരണക്കാരന്റെ വ്യവഹാരങ്ങളിലും ഈയൊരു സംസ്കാരം കാണാം. ജീവിതം 'പച്ച പിടിക്കു'ന്നതും 'വേരു പിടിക്കു'ന്നതും എല്ലാം ഭാഷ ഹരിതമാകുന്നതിന്റെ ലക്ഷണമാണ്. എന്നാൽ പ്രകൃതിയുമായി പൂർണ്ണമായും വിച്ഛേദിക്കപ്പെട്ട് യന്ത്രലോകത്തു കഴിയുന്നവരുടെ വ്യവഹാരമേഖലയിലും ഈ വിച്ഛേദം കാണാം. തന്റെ ലൈംഗികാവയവത്തെപ്പറ്റി ഒരു ആൺശിശു ജിജ്ഞാസയോടെ അമ്മയോടു ചോദിക്കുമ്പോൾ പണ്ടൊക്കെ കാന്താരിയാണ് മുളകാണ് എന്നൊക്കെ പറയുമായിരുന്നെങ്കിൽ ഇന്ന് പെൻഡ്രൈവ് ആണ് എന്നു പറയാനാണ് സാധ്യത.

ഹാലിഡേ നിരീക്ഷിച്ചതുപോലെ ഭാഷയിലെ പ്രയോഗങ്ങളും സങ്കല്പനങ്ങളുമൊക്കെ പരോക്ഷമായി പരിസ്ഥിതിനാശത്തിനു വഴിതെളിച്ചെന്നു വരാം. ചെറുതിനെയും കറുപ്പിനെയും ഇകഴ്ത്തുന്ന ചൊല്ലുകളും കടങ്കഥകളുമൊക്കെ ആ വകുപ്പിൽ പെടുന്നുണ്ടാകാം. ഇത്തരം വിമർശനാത്മക വിശകലനങ്ങൾ നടത്താൻ പ്രേരിപ്പിക്കുന്നതുതന്നെ ഭാഷയുമായി ബന്ധപ്പെട്ട പാരിസ്ഥിതികഅവബോധമാണ്. "നായ പത്തു പെറ്റിട്ടും ഫലമില്ല പശു ഒന്നു പെറ്റാലും മതി" എന്ന ചൊല്ലിനു പിന്നിലുള്ള വാണിജ്യതാല്പര്യം നന്നായി പ്രകടമാണ്. "കുഴിയാന മദിച്ചാൽ കൊലയാനയാകുമോ?" എന്ന മട്ടിലുള്ള ചൊല്ലുകൾ ചെറുതിനെ താഴ്ത്തുന്നുണ്ട് (ലക്ഷ്യം അതല്ലെങ്കിലും) അതേസമയം "പെരുവെള്ളം വന്നു ചേരുന്ന ദിക്കിൽ ചെറുതോടും ചേരും" എന്ന മട്ടിലുള്ള ചൊല്ലുകളും ഉണ്ടെന്ന് ഓർക്കാം. മനുഷ്യജീവിതത്തിൽ നിന്ന് തിരിച്ച് പ്രകൃതിയിലേക്കു നീളുന്ന ആവിഷ്കാരങ്ങളുമുണ്ടെന്ന് ഓർക്കേണ്ടതുണ്ട്. ഭൂമിക്കൊരു കുട എന്ന പ്രയോഗം നോക്കുക. ആഗോളതാപനത്തെക്കുറിച്ചുള്ള വിലാപങ്ങളിൽ സ്വാർത്ഥതയുടെ അംശമുണ്ടെങ്കിലും പരിസ്ഥിതിസംരക്ഷണത്തിനു ഭാഷ സജ്ജമാകുന്നു എന്ന വസ്തുത വിസ്മരിക്കേണ്ടതില്ല. പച്ച പുതച്ചു കിടക്കുന്ന ഭൂമി മറ്റൊരു പ്രയോഗമാണ്.

പഴഞ്ചൊല്ലുകളും ശൈലികളുമൊക്കെ അപഗ്രഥിക്കുമ്പോൾ പ്രകൃതിയോടുള്ള മനുഷ്യന്റെ അടുപ്പത്തിന്റെ ചിത്രം മാത്രമല്ല ലഭിക്കുന്നത് എന്നു കണ്ടു. പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്നു തോന്നിക്കുന്ന -എന്നാൽ പ്രകൃതിവിരുദ്ധമായ വൈരുദ്ധ്യങ്ങളും ഭാഷയിലൂടെ വിനിമയം ചെയ്യപ്പെടുന്നുണ്ട്. പ്രകൃതിയിലെ ചൂഷണത്തിന്റെയും മത്സരത്തിന്റെയും അതിജീവനത്തിന്റെയുമൊക്കെ അനുഭവമേഖലയാണ് മനുഷ്യഭാഷയ്ക്കും ദിശ കാട്ടുന്നത്. ഇത്തിൾക്കണ്ണി പ്രയോഗം മനുഷ്യപക്ഷത്തും സംഗതമാണ്.

പരമ്പരാഗത വ്യാകരണസങ്കല്പങ്ങളിലൊക്കെ മറഞ്ഞു കിടക്കുന്ന പ്രകൃതിവിരുദ്ധാശയങ്ങൾ പാരിസ്ഥിതികഭാഷാചിന്തകർ ചൂണ്ടി കാണിക്കാറുണ്ട്. ഭാഷയിൽ തെറ്റും ശരിയും വിധിക്കുന്ന പരമ്പരാഗതവൈയാകരണന്മാർ മനുഷ്യകേന്ദ്രിതമായ നിലപാടുകളാണ് പ്രകടിപ്പിക്കാറുള്ളത്. വ്യാകരണം ഏർപ്പെടുത്തുന്ന വിലക്കുകൾ ഭാഷയുടെ സ്വാഭാവികവളർച്ചയ്ക്ക് തടസ്സം നിന്നെന്നും വരാം. അതുതന്നെ പ്രകൃതിവിരുദ്ധമാണ്. മനുഷ്യന് പ്രത്യേകം നൽകുന്ന പ്രാമാണ്യം അബോധപൂർവ്വമായിട്ടാണെങ്കിലും കേരളപാണിനീയകാരനിൽ സംഭവിക്കുന്നുണ്ടെന്ന് ടി. ശ്രീവത്സൻ നിരീക്ഷിക്കുന്നുണ്ട് (2013:62). വിശേഷബുദ്ധിയില്ലെന്ന് ആരോപിച്ച് ആണും പെണ്ണുമെല്ലാമുള്ള ജന്തുസമൂഹത്തെ എ.ആർ നപുംസകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു! എങ്കിലും ഭാഷകൾ വളരുന്നു എന്ന സങ്കല്പം കേരളപാണിനീയത്തിൽ കാണാം. അമ്മ, അനുജത്തി തുടങ്ങിയ വിശേഷണങ്ങളിലൂടെ ഭാഷകുടുംബസങ്കല്പം വിശദീകരിക്കാനും അദ്ദേഹം മുതിരുന്നുണ്ട്. എന്നാൽ മലയാളത്തിലുണ്ടായിട്ടുള്ള വ്യാകരണകൃതികളുടെ പൊതുവായസമീപനം പ്രകൃതിപക്ഷത്തു നിന്നു നോക്കുമ്പോൾ മനുഷ്യകേന്ദ്രിതമാണെന്നു പറയാം. മുമ്പ് സൂചിപ്പിച്ച ത്രിതലമാനം അത് ഉൾക്കൊള്ളുന്നില്ല. ഹൗഗനെ മുൻനിർത്തി പറഞ്ഞാൽ നല്ല വൈയാകരണൻ നല്ല ചികിത്സകൻകൂടിയായിരിക്കണം.

വ്യാകരണകൃതികളിൽമാത്രമല്ല നിഘണ്ടുക്കളിലും ചുറ്റുപാടിനെ പരിഗണിക്കേണ്ടതാണ്.

ചുറ്റുപാടുമായി ബന്ധമില്ലാത്ത പദങ്ങൾ പ്രചാരലുപ്തങ്ങളാവാനാണ് സാധ്യത. ഔപചാരിക ഇടങ്ങ ളെയും അധികാരമേഖലയെയും ഒക്കെ പ്രത്യേകംപരിഗണിച്ചുകൊണ്ടാണ് നിഘണ്ടുക്കൾ തയ്യാ റാക്കാറുള്ളത്. നിഘണ്ടുവിലില്ലാത്തത് ആളുകളെ സംബന്ധിച്ചിടത്തോളം മൂല്യമില്ലാത്തവയാണ്. അതുകൊണ്ട് നിഘണ്ടു വരയ്ക്കുന്ന അതിർവരമ്പുകൾ ജനങ്ങളെ സ്വാധീനിക്കുന്നു എന്നു പറയാം. പ്രയോഗമേഖലയെയും പരിസരജ്ഞാനത്തെയും മനുഷ്യന്റെ വൈകാരികജീവിതത്തെയും എല്ലാ പരിഗണിച്ചെങ്കിലേ നിഘണ്ടുക്കൾ ഭാഷയുടെ ജീവൽസ്വഭാവം പ്രദർശിപ്പിക്കുകയുള്ളൂ. പദങ്ങൾക്കു ജീവൻ മാത്രമല്ല ജീവിതവുമുണ്ടെന്നാണ് നിഘണ്ടുകാരൻ മനസ്സിലാക്കേണ്ടത്. അർത്ഥത്തിന്റെ വികാസവും സങ്കോചവും ഉയർച്ചയും താഴ്ചയും എല്ലാം അർത്ഥവിജ്ഞാനത്തിൽ ചർച്ച ചെയ്യാറുണ്ട്.

ഭാഷയുടെ സമകാലികതയെ സജീവമാക്കുന്നത് പ്രധാനമായും മാധ്യമങ്ങളാണ്. ഭാഷ അധിനിവേശത്തിന്റെ ഭാഗമാകുമ്പോഴും സാഹിത്യം പോലെയുള്ള മാധ്യമങ്ങൾ ഭാഷയിലൂടെത്ത ന്നെ പ്രതിരോധങ്ങൾ തീർക്കാറുണ്ട്. ഇത് തിരിച്ചറിയണമെങ്കിൽ ഹരിതവായനയാണ് ആവശ്യം. പരിസ്ഥിതിഭാഷാചിന്തകൾ പഴയകൃതികളുടെ പുതുവായനയ്ക്ക് ഉതകേണ്ടതാണ്. പ്രകൃതിചിത്രണം എന്നു മാത്രം മനസ്സിലാക്കിയിരുന്ന സ്ഥാനത്ത് ഹരിതഭാവനയുടെ ഭാഷാരൂപങ്ങൾ കണ്ടെത്താൻ കഴിയുന്നത് അപ്പോൾ മാത്രമായിരിക്കും. ഉദാഹരണത്തിന് തണുപ്പിന്റെയും പച്ചയുടെയും സൂചന കളാൽ സമൃദ്ധമായ ചങ്ങമ്പുഴക്കവിത അത്തരത്തിൽ വായിക്കാവുന്നതാണ്. ജീവനുള്ള ഭൂമി എന്ന ആശയത്തെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ആവിഷ്കരണങ്ങളാണ് കവികൾ നടത്താറുള്ളത്. മുല്ലവള്ളിയും തേന്മാവുമൊക്കെ കഥാപാത്രങ്ങളാകുന്നതിനെ കവിസങ്കേതം എന്ന് പരിമിതപ്പെ ടുത്തുന്ന തരം വായനയല്ല ഇന്ന് ആവശ്യമുള്ളത്.

ഭാഷ പ്രകൃതിയുടെ സാകല്യാനുഭവമായി കഥയിലും കവിതയിലുമൊക്കെ ആവിഷ്കരിക്കപ്പെട്ടു ന്നു. ബാക്തിന്റെ മൊഴിവൈവിധ്യം എന്ന ആശയത്തിൽ ഭാഷയുടെ പാരിസ്ഥിതികപാഠം അടങ്ങി യിരിക്കുന്നതായി ജി.മധുസൂദനൻ നിരീക്ഷിക്കുന്നുണ്ട്. "മനുഷ്യന്റെയും-വിവിധവർഗ്ഗ, വർണ്ണ, ലിംഗ, തൊഴിൽ, പ്രായ, തലമുറഭേദങ്ങളുള്ള മനുഷ്യരുടെ-മനുഷ്യേതരസത്തകളുടെയും ശബ്ദ-ദൃശ്യ-ഗന്ധ സാന്നിധ്യങ്ങളും അവയുടെ പരസ്പരബന്ധങ്ങളും കൃതിയിലുണ്ടാകണം. പാഠത്തിലെ വാക്കുകളുടെ പരസ്പരബന്ധങ്ങളല്ല, വൈവിധ്യമുള്ള സാമൂഹ്യചരിത്രസ്വാധീനങ്ങളാണ് ഭാഷയ്ക്കുള്ളിൽ ഇങ്ങനെ നിരവധിഅർത്ഥതലങ്ങൾ ഉല്പാദിപ്പിക്കുന്നത്. അങ്ങനെ കൃതിയുടെ പാഠത്തിലെ ഭാഷയ്ക്കുള്ളിൽ നിരവധി ഭാഷകൾ ഒളിഞ്ഞുകിടക്കുന്നു". (2011:

418) ആധുനികതയുടെ ഉത്തരഘട്ടത്തിലുണ്ടായ കൃതികളിൽ പൊതുവെ പ്രകടമാകുന്ന ആഴമേറിയ പാരിസ്ഥിതികാവബോധം ഏറെക്കുറെ തിരിച്ചറിഞ്ഞിട്ടുള്ളതിനാൽ ഇത്തരം ഭാഷയും തിരിച്ചറിയപ്പെടുക സ്വാഭാവികമാണ്. ഇക്കോഫെമിനിസവും ഇക്കോ സ്പിരിച്വാലിറ്റിയുമൊക്കെ പ്രസക്തമാകുന്നത് ഭാഷാപരമായ സവിശേഷമാർഗ്ഗംകൊണ്ടുകൂടിയാണ്. ആധിപത്യത്തിന്റെയും വികസനത്തിന്റെയും വരേണ്യതയുടെയും ഭാഷ ഏറെക്കുറെ ഒരുപോലെയിരിക്കും അത് സംസ്കരിക്കപ്പെട്ടതാണ്. എന്നാൽ പാർശ്വവൽകൃതരുടെയും കീഴാളന്റെയും ഭാഷ പ്രാകൃതമായിരിക്കും (പ്രകൃതിക്കു പ്രാധാന്യമുള്ളത്). സാറാ ജോസഫിന്റെ 'തായ്കുലം' എന്ന കഥയിലെ ഭാഷ മണ്ണിന്റെയും പെണ്ണിന്റെയും കീഴാളന്റേതുമാണ്. "ഇന്റെ വെശർപ്പിന്റെ ചൂട് ഈ പഞ്ചവടീല് വിങ്ങിമുറ്റി നില്ക്കണ്.ഇന്റെ നനവ്കള് വീണ് പഞ്ചവടീലെ മണ്ണിന് കുളിര്കോരീട്ട്ണ്ട്. ചെന്താമരപ്പൂക്കള്ടെ മണംകൊണ്ടു ഇന്നെ മൂവരണ കോതാപുരി ഇന്റെ കണ്ണാട്യാണ്. ......ഇത് ഇന്റെ കാതൽവനമാണ്! ഞാൻ എവിട്യായിരുന്നാലും ഇതിന്റെ കെന്തം ഇന്നെ എളക്കും ഇവടുത്തെ ഓരോ മരോം ഇന്റെ കാതലനാ ഇനിക്ക് വേണ്ടീട്ട് മാത്രാ അവൻ പൂത്ത്മറിയണത്. നിലാവ്ള്ള ഒരായിരം രാത്രീല് ഏനീ കാടിനോട് എണച്ചുടീട്ട്ണ്ട്" മാനകീകരണത്തിനു പുറത്തുള്ള പ്രകൃതിയും വികാസം പ്രാപിച്ച

സംസ്കാരവും തമ്മിലുള്ള സംഘർഷത്തെ തിരിച്ചറിയാതെ ഭാഷാപാരിസ്ഥിതികതയെ വിശകലനം ചെയ്യാൻ കഴിയില്ല. ആഗോളമുതലാളിത്തത്തിന്റെ ഭോഗതാല്പര്യത്തെ ശക്തിപ്പെടുത്തുന്ന പദസഞ്ചയങ്ങൾക്കാണ് വിപണിയിൽ തിളക്കം കൂടുതലുള്ളത്. അതിന്റെ ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം മറ്റുള്ളവയെല്ലാം കീഴാളമാണ്. സാമ്പത്തികവർദ്ധനവിനുതകാത്ത എല്ലാറ്റിനെയും നിരാകരിക്കുന്ന ഉപഭോഗസംസ്കാരത്തോടല്ല സുസ്ഥിരതാസങ്കല്പത്തോടാണ് ഭാഷാപാരിസ്ഥിതികതയ്ക്ക് അടുപ്പം.

അടുത്ത കാലത്ത് കണ്ട ഒരു വാർത്താശീർഷകം 'സഹ്യന്റെ മക്കൾ ദുരിതത്തിൽ' എന്നാണ്. ആനകൾക്ക് തുടരെത്തുടരെയുണ്ടാകുന്ന അപായമരണമാണ് വിഷയം. ഭാഷ ജൈവഏകതയുടെ ഊർജ്ജം ഇവിടെ സ്വീകരിച്ചിരിക്കുന്നത് വൈലോപ്പിള്ളിക്കവിതയിൽനിന്നാണെന്നു വ്യക്തം. ഭാഷയെ പാരിസ്ഥിതികമാക്കുന്നതിൽ സാഹിത്യത്തിനുള്ള പങ്ക് അതുല്യമാണെന്നതിൽ രണ്ടു പക്ഷമില്ല. ഭാഷ സമൂഹചരിത്രത്തെയും സംസ്കാരത്തെയും പ്രതിഫലിപ്പിക്കുക മാത്രമല്ല അതിനെ രൂപപ്പെടുത്തുകയും ചെയ്യുന്നു എന്നതിനാൽ ഭാഷാപഠനത്തിന്റെ നവീനവഴികൾ ഗൗരമായി പരിഗണിക്കേണ്ടതുണ്ട്. പ്രസ്തുതവഴികളിൽ മുന്തിയ പരിഗണന നല്കേണ്ട മേഖലയാണ് പരിസ്ഥിതിഭാഷാശാസ്ത്രത്തിന്റേത്.

## സഹായഗ്രന്ഥങ്ങൾ

1. അശോക് കുമാർവി. ഭാഷയും ആവാസവ്യവസ്ഥയും ഭാഷ നവീനപഠനവഴികൾ(എഡി)ഡോ.സിബു മോടയിൽ പി.ജി നായർ ഗവേഷണകേന്ദ്രം യു.സി.കോളജ് ആലുവ 2010
2. പ്രബോധചന്ദ്രൻനായർവി.ആർ(ഡോ.) ഭാഷാശാസ്ത്രനിഘണ്ടു കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്2012
3. ചിദംബരംപി.എസ്.പദങ്ങളുടെ ജീവിതം പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട് 2001
4. മധുസൂദനൻ ജി.കഥയും പരിസ്ഥിതിയും കറൻറ് ബുക്സ് തൃശ്ശൂർ 2011
5. ശ്രീവത്സൻ ടി.ഹരിതഭാഷാവിചാരം കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് 2013
6. Halliday Michael New Ways of Meaning The Challenge to applied Lingustics.The Ecolingustics ReaderLanguage Ecology and Environment (Ed)Alwin Fill&peter Muhlhausler ContinuumNew York(2001)
7. Haugen E.The Ecology of Language. The Ecolingustics ReaderLanguage Ecology and Environment (Ed)Alwin Fill&peter Muhlhausler ContinuumNew York(2001)
8. Sapir E.Language andEnvironment The Ecolingustics ReaderLanguage Ecology and Environment (Ed)Alwin Fill&peter Muhlhausler ContinuumNew York(2001)
9. web search
10. Alan Jones Michael Haliday: An appreciation ihjournal.com

## ഡോ.സിബു മോടയിൽ



ആലുവ യു.സി.കോളജ് മലയാളവിഭാഗത്തിൽ അധ്യാപകൻ, കൃതികൾ: ദിക്കാരി, പണ്ടു സാറ്റ കളിച്ചപ്പോൾ, വെശന്നും വെഷമിച്ചും (കവിതാസമാഹാരങ്ങൾ), അരങ്ങു മുതൽ അഭ്രപാളി വരെ (ചലച്ചിത്ര നാടക പഠനം), കത്തുന്ന കാലുകൾ (കവിതാ പഠനം), പ്രതീക നിഘണ്ടു, ഭാഷാഭേദനിഘണ്ടു (നിഘണ്ടുക്കൾ), നാന (വിവർത്തനം) ഭാഷ: നവീനപഠനവഴികൾ, സിനിമ കലയും രാഷ്ട്രീയവും (എഡി.), യു.ജി.സിയുടെ 2014-16 ലെ റിസർച്ച് അവാർഡ് ലഭിച്ചിട്ടുണ്ട്.